നം. സി.ഇ.ഇ/2424/09/സി.എ.പി.-2010/റ്റി.എ.1/എസ്പിഎൽ

കേരള സർക്കാർ

**പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം**

**ഹൗസിംഗ് ബോർഡ് ബിൽഡിംഗ്, ശാന്തി നഗർ, തിരുവനന്തപുരം - 695 001**

**വിജ്ഞാപനം**

# 2010 ലെ എഞ്ചിനീയറിംഗ് കോഴ്സുകളിലേയ്ക്ക് നടത്തിയ പ്രത്യേക അലോട്ട്മെന്റ് പ്രസിദ്ധീകരിച്ചു

2010 ലെ എഞ്ചിനീയറിംഗ് കോഴ്സുകൾക്ക് സർക്കാർ/എയിഡഡ് എഞ്ചിനീയറിംഗ് കോളേജുകളിൽ ഒഴിവുവന്ന ഏതാനും സീറ്റുകളിലേയ്ക്കും പുതുതായി അംഗീകാരം ലഭിച്ച സ്വകാര്യ സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളിലേയ്ക്കും സ്വകാര്യ സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളിൽ പുതുതായി അംഗീകാരം ലഭിച്ച കോഴ്സ്/അധിക സീറ്റുകളിലേയ്ക്കും പുതുതായി ഓപ്ഷനുകൾ രജിസ്റ്റർ ചെയ്യുന്നതിന് 13.11.2010 ന് രാവിലെ 10 മണി മുതൽ 17.11.2010 ന് വൈകുന്നേരം 5 മണി വരെ വിദ്യാർത്ഥികൾക്ക് സൗകര്യം നൽകിയിരുന്നു. ഈ ഓപ്ഷനുകളുടെ അടിസ്ഥാനത്തിലുള്ള അലോട്ട്മെന്റ് പ്രസിദ്ധീകരിച്ചു.

ഈ പ്രത്യേക അലോട്ടുമെന്റ് പ്രകാരം അലോട്ടുമെന്റ് ലഭിച്ച വിദ്യാർത്ഥികൾ **നവംബർ 22 നോ അതിനു മുമ്പോ** അലോട്ടുമെന്റ് ലഭിച്ച കോളേജുകളിൽ ഹാജരായി, നിർദ്ദിഷ്ട കോഴ്സ് ഫീസ് കോളേജുകളിൽ ഒടുക്കി പ്രവേശനം നേടേണ്ടതാണ്.

കോളേജ് അധികാരികൾ നോൺ ജോയിനിംഗ് റിപ്പോർട്ട് നവംബർ 24-ാം തീയതി വൈകുന്നേരം 5 മണിക്കു മുമ്പായി പ്രവേശന പരീക്ഷാ കമ്മീഷണറെ ഫാക്സ് മുഖാന്തിരം (Fax No. 0471 - 2337228) അറിയിക്കേണ്ടതാണ്.

വിശദവിവരങ്ങൾക്ക് www.cee-kerala.org എന്ന വെബ്സൈറ്റ് സന്ദർശിക്കുക. അലോട്ടുമെന്റ് നടപടികളെക്കുറിച്ചുള്ള സംശയനിവാരണത്തിനായി **0471-2115311, 2115312, 2115313, 2115314** എന്നീ ടെലഫോൺ നമ്പറുകളിൽ ബന്ധപ്പെടാവുന്നതാണ്.

**പ്രവേശന പരീക്ഷാ കമ്മീഷണർക്കു വേണ്ടി**

തിരുവനന്തപുരം
18.11.2010